A

505

സമഗ്ര ശിക്ഷാ കേരളം

# ആത്യന്തിക വിലയിരുത്തൽ II 2025-2026

## സാമൂഹ്യശാസ്ത്രം

ക്ലാസ്: 5

സമയം: 2 മണിക്കൂർ 15 മിനിറ്റ്

**നിർദേശങ്ങൾ**

- ആകെ സമയത്തിന്റെ ആദ്യത്തെ **15** മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ചുമനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- 6 ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.
- 2, 5 ചോദ്യങ്ങൾക്ക് ചോയ്സ് ഉണ്ട്. ചോയ്സുള്ള ചോദ്യങ്ങളിൽ A, B എന്നീ പിരിവുകളിൽ ഒന്നിന് മാത്രം ഉത്തരം എഴുതിയാൽ മതി.


1(a) ക്ലാസ്റൂം പ്രവർത്തനത്തിന്റെ ഭാഗമായി തനിമ തന്റെ വീടും പരിസരവും ഉൾപ്പെടുത്തി തയ്യാറാക്കിയ സ്കെച്ചാണ് നൽകിയിരിക്കുന്നത്. സ്കെച്ച് നിരീക്ഷിച്ച് നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.

A) മരത്തിന്റെ ഏതു ദിശയിലാണ് കുളം കാണുന്നത്?


B) റെയിൽവെ ലൈനിന്റെ തെക്കുഭാഗത്ത് കാണുന്നത് എന്താണ്?


C) വിമാനത്താവളത്തിന്റെ ഏതു ദിശയിലാണ് റെയിൽവെ ലൈൻ?


D) വീടിന് വടക്കുഭാഗത്ത് കാണുന്നത് എന്താണ്?




1. ഭൂപടങ്ങളിൽ സംസ്ഥാന അതിർത്തിയെ സൂചിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന ചിഹ്നം നൽകിയിരിക്കുന്നതിൽ ഏതാണ്?

A. 

B. 

C. 

D. 

**2.(A)**

**a)** വിവിധ ഗതാഗത മാർഗങ്ങളുടെ മികവുകളെക്കുറിച്ച് നടക്കുന്ന ക്ലാസ്തല ചർച്ചയിൽ 'ജലഗതാഗതത്തി ന്റെയും കരഗതാഗതത്തിന്റെയും എന്തെല്ലാം മികവുകൾ നിങ്ങൾ അവതരിപ്പിക്കും'. പട്ടികപ്പെടുത്തുക.

| ജലഗതാഗതം | കരഗതാഗതം |
|---|---|
| •<br>•<br>•<br>• | •<br>•<br>•<br>• |

**b)** തന്നിരിക്കുന്നവയിൽ വ്യോമഗതാഗതത്തിന്റെ മേന്മകളിൽ ഉൾപ്പെടുന്ന പ്രസ്താവന കണ്ടെത്തുക?

A. കൂടുതൽ പേർക്ക് യാത്ര ചെയ്യാൻ കഴിയുന്ന ഗതാഗത മാർഗം

B. ചെലവ് കുറഞ്ഞ ഗതാഗത മാർഗം

C. വേഗത കൂടിയ ഗതാഗത മാർഗം

D. കൂടുതൽ ചരക്ക് വഹിക്കാൻ ശേഷിയുള്ള ഗതാഗത മാർഗം

അല്ലെങ്കിൽ

**2. (B)**

| വായുമലിനീകരണം<br>ഡൽഹിയിൽ വാഹന<br>നിയന്ത്രണം | വാഹനാപകടം<br>നിരവധി പേർക്ക് പരുക്ക് |
|---|---|

(a) വാഹനപ്പെരുപ്പം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള വാർത്താതലക്കെട്ടുകൾ ശ്രദ്ധിച്ചല്ലോ. ഇതുപോലെ വാഹനപ്പെരുപ്പം കാരണം മറ്റെന്തെല്ലാം പ്രത്യാഘാതങ്ങൾ ഉണ്ടാകാം. പട്ടികപ്പെടുത്തുക.


•

•

•

b) വാഹനപ്പെരുപ്പം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ ഒഴിവാക്കുന്നതിനുള്ള ഏതെങ്കിലും രണ്ട് നിർദേശങ്ങൾ എഴുതുക.

3. a) ഭൂപടം നിരീക്ഷിച്ച് ഏതെങ്കിലും ഒരു സംസ്ഥാനത്തിന്റെ തിരിച്ചറിയൽ കാർഡ് നൽകിയിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുക?




സൂചകങ്ങൾ

- സംസ്ഥാനത്തിന്റെ പേര് :
- അതിന്റെ തലസ്ഥാനം :
- അയൽ സംസ്ഥാനങ്ങൾ :
- അയൽരാജ്യം :

b) ഇന്ത്യയുടെ തെക്കെ അറ്റത്തു സ്ഥിതിചെയ്യുന്ന കേന്ദ്രഭരണപ്രദേശം


A. പുതുച്ചേരി

B. മാഹി

C. ലക്ഷദ്വീപ്

D. ആൻഡമാൻ നിക്കോബാർ ദ്വീപുകൾ

4 ചിത്രങ്ങൾ നിരീക്ഷിക്കു.



a) "പ്രാചീനകാലം മുതൽ ആധുനികകാലം വരെ മനുഷ്യന്റെ വസ്ത്രധാരണത്തിലും, വസ്ത്രനിർമാണത്തിലുമുണ്ടായ മാറ്റങ്ങൾ" എന്ന സെമിനാർ വിഷയത്തിൽ അവതരിപ്പിക്കുന്നതിനാവശ്യമായ വിവരങ്ങൾ തയ്യാറാക്കുക.

5.(A) ജനാധിപത്യം ഒരു ഭരണക്രമം മാത്രമല്ല ജീവിതരീതി കൂടിയാണ്.

a) താഴെ നൽകിയിരിക്കുന്നവയിൽ ജനാധിപത്യക്രമം പാലിക്കുന്നതുമായി ബന്ധപ്പെട്ട പ്രസ്താവനകൾ കണ്ടെത്തി എഴുതുക.

- ❖ വീട്ടിൽ തീരുമാനങ്ങൾ എടുക്കുമ്പോൾ എന്റെ അഭിപ്രായം പരിഗണിക്കും.
- ❖ കളിനിയമങ്ങൾ പാലിച്ചാണ് ഞാൻ കളിക്കാറുള്ളത്.
- ❖ പൊതുവാഹനങ്ങളിൽ യാത്ര ചെയ്യുമ്പോൾ എന്റെയും കുടുംബത്തിന്റെയും സൗകര്യം ഞാൻ പരിഗണിക്കും
- ❖ സ്കൂളിൽ പഠനയാത്ര തീരുമാനിക്കുന്നത് അധ്യാപകരാണ്
- ❖ പൊതുവാഹനം വൃത്തിയായി സൂക്ഷിക്കും
- ❖ വീട്ടിൽ ഭക്ഷണമുണ്ടാക്കുമ്പോൾ എന്റെ ഇഷ്ടം പരിഗണിക്കാറില്ല.
- ❖ ഗതാഗത നിയമങ്ങൾ പാലിക്കും


b) ജനാധിപത്യഭരണസംവിധാനം നിലനിൽക്കുന്ന രാജ്യം ഏത്?

A) ഓസ്ട്രേലിയ B) ഒമാൻ

C) സൗദി അറേബ്യ D) ബ്രൂണെ

അല്ലെങ്കിൽ

6. ചിത്രങ്ങൾ നിരീക്ഷിക്കൂ.





a) ഇത്തരം സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിങ്ങൾ എങ്ങനെ പ്രതികരിക്കും. കുറിക്കുക.

b) സ്കൂളിലും, പരിസരത്തും ജലസംരക്ഷണം ഉറപ്പുവരുത്താൻ വേണ്ട ഒരു മുന്നറിയിപ്പ് ബോർഡ് തയ്യാറാക്കുക.

(മുന്നറിയിപ്പ് ബോർഡിൽ രണ്ട് ജലസംരക്ഷണ മാർഗമെങ്കിലും സൂചിപ്പിക്കണം)

c) നൽകിയിരിക്കുന്നവയിൽ കേരളത്തിൽ നിന്ന് കിഴക്കോട്ടൊഴുകുന്ന നദികൾ ഏതെല്ലാം?

A. പമ്പ, കബനി, ഭവാനി

B. കബനി, ഭവാനി, പാമ്പാർ

C. ഭവാനി, പമ്പ, പെരിയാർ

D. പാമ്പാർ, പെരിയാർ, ചാലിയാർ